പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1570

13.07.2011 - ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ വകുപ്പുകൾ മുഖേന നടപ്പാക്കിയിട്ടുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ വകുപ്പുകൾ മുഖേനയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം ഗുണഭോക്തൃ സമിതികളെ ഏല്പിക്കുന്നതോടൊപ്പം ഈ പദ്ധതിയുടെ മെയിന്റനൻസും വൈദ്യുതി ചാർജ്ജും ഗുണഭോക്തൃ സമിതികൾ തന്നെയാണ് നൽകുന്നതെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ നിലവിൽ ഇത്തരത്തിലുള്ള പല പദ്ധതികളും വൈദ്യുതി ചാർജ്ജും മെയിന്റനൻസ് ചാർജ്ജും നൽകാതെ ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുകയാണെന്നുള്ള കാര്യവും വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ പണമില്ലാതെ ഇത്തരത്തിലുള്ള പല പദ്ധതികളും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കപ്പെട്ടിട്ടുള്ള കാര്യവും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |

| | |
|---|---|
| (സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; <br><br> (ഡി) ഇതിനാവശ്യമായ തുക ഗ്രാന്റ് ഇൻ എയ്ഡ് ആയി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? | സർക്കാരിന്റെ 23.03.2006-ലെ 12968/കെ2/06/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറിയിട്ടുള്ള കുടിവെള്ള പദ്ധതി കളുടെ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതികൾ തന്നെ വഹിക്കേണ്ടതാണ് എന്ന് നിഷ്ക്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ ഇതിനുള്ള പരിഹാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെ കണ്ടെത്തേണ്ടതാണ്. |

സെക്ഷൻ ഓഫീസർ